LIBRARY ARCHIVES Kerala Legislative Assembly

പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ

176 [759] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുള്ള മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 100 പുതിയ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ബി) അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ മാനദണ്ഡങ്ങൾ നിശ്ചയിക്കാനാകൂ.

ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കാൻ നടപടി

177 [760] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് മേഖലയിലുള്ള അർഹതയുമുള്ള എൽ.പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സ്കൂളുകളാണെന്ന് ജില്ല തിരിച്ച് ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിലില്ലാത്ത എത്ര പഞ്ചായത്തുകൾ നിലവിലുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ-എയ്ഡഡ് മേഖലയിലുള്ള എൽ. പി., യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.